ആയതിന്റെ വിൽപ്പന വില കണക്കാക്കുവാനായി കണക്കാക്കിയ കോസ്റ്റ് ഷീറ്റ് പ്രകാരം മെറ്റീരിയൽ കോസ്റ്റും ലേബർ കോസ്റ്റും ഉൾപ്പെടെ 1,66,79063.97 (ഒരു കോടി അറുപത്തിയാറ് ലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി അറുപത്തിമൂന്ന് രൂപ തൊണ്ണൂറ്റി ഏഴ് പൈസ മാത്രം) രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടെങ്കിലും 1,18,350 എണ്ണം ഡയറികൾ മാത്രമാണ് 2014-ൽ അച്ചടിച്ചിട്ടുള്ളത് അവയിൽ പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടില്ല. മറ്റ് വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) സർക്കാർ ഡയറികൾ വിതരണം ചെയ്യുന്നതിന് 2013-ൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെട്ട സർക്കുലർ ഉള്ളടക്കം ചെയ്യുന്നു.

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

13 (13) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ (KAS) രൂപീകരണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ ;

(ബി) നിലവിൽ ഏതെല്ലാം വകുപ്പുകളാണ് കെ.എ.എസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) പുതുതായി ഏതെങ്കിലും വകുപ്പുകളെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) PSC നേരിട്ട് നിയമിക്കുന്ന ബിരുദം, ബിരുദാനന്തരബിരുദം, പ്രൊഫഷണൽ കോഴ്സുകൾ എന്നീ അടിസ്ഥാന യോഗ്യതയുള്ളവർക്കുകൂടി ഇതിലേക്ക് അപേക്ഷിക്കാൻ അവസരം നൽകുമോ ;

(ഇ) ഇതു എന്നത്തേക്ക് പരിപൂർണ്ണമായി നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി സമർപ്പിച്ച "ദി കേസ് ഫോർ കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്" എന്ന പേരിലുള്ള പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് ഉത്തരവ് (16/08/2014-ലെ സ.ഉ.(എംഎസ്.) നമ്പർ 228/14/പൊ.ഭ.) പുറപ്പെടുവിച്ചിട്ടുണ്ട്. ആദ്യഘട്ടമായി 18 വകുപ്പുകളെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്താനാണ് പ്രസ്തുത കമ്മിറ്റി ശിപാർശ ചെയ്തിരുന്നത്. മറ്റ് വകുപ്പുകളെ കൂടി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) മറ്റ് വകുപ്പുകളെ കൂടി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്.

(ഡി & ഇ) തീരുമാനിച്ചിട്ടില്ല.

റദ്ദ് ചെയ്ത തസ്തികകൾ

14 (14) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകളിലായി എത്ര തസ്തികകൾ റദ്ദ് ചെയ്തിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകളിലായി എത്ര തസ്തികകൾ റദ്ദ് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ഈ സർക്കാരിന്റെ കാലത്തും കഴിഞ്ഞ സർക്കാരിന്റെ കാലത്തും പൊതുഭരണ വകുപ്പിൽ ഒരു തസ്തികയും റദ്ദാക്കിയിട്ടില്ല. മറ്റ വകുപ്പുകളിൽ നിന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

ഫയൽ തീർപ്പാക്കൽ

15 (15) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2014 മേയ്-ജൂൺ മാസങ്ങളിലായി നടപ്പാക്കിയ ഫയൽ തീർപ്പാക്കൽ തീവ്രയത്ന പരിപാടിയുടെ ഭാഗമായി ഓരോ വകുപ്പിലും 3 വർഷത്തിലധികം പഴക്കം ഉള്ള എത്ര ഫയലുകൾ ഉണ്ട് എന്നും അവയിൽ എത്ര ഫയലുകൾ വീതം തീർപ്പാക്കിയെന്നും വ്യക്തമാക്കാമോ ?

ഉത്തരം

സെക്രട്ടേറിയറ്റിൽ 3 വർഷത്തിലധികം പഴക്കമുള്ള 21915 ഫയലുകളിൽ 8260-ഉം വിവിധ സർക്കാർ വകുപ്പുകളിൽ 163360 ഫയലുകളിൽ 54071 ഫയലുകളും ജില്ലാ കളക്ടറേറ്റുകളിൽ 92308 ഫയലുകളിൽ 32874 ഫയലുകളും തീർപ്പാക്കിയിട്ടുണ്ട്. (വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly